നം.കെ.എസ്.എ.പി.റ്റി.എ.പി8/1379/2018 തീയ്യതി: 24.10.2018

## പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 02.04.2018 മുതൽ 31.08.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.09.2018 മുതൽ 06.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി സ്നിഗ്ദ്ധ .എസ്സ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ<br>ശ്രീമതി ആശാ.എം. കുരുവിള,ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ജയൻ പുളിക്കൽ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ഷീജ.എം | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ജി.അനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ജി.അനിൽകുമാർ(അനിൽ പൈക്കര) | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | സൂസമ്മ തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | എസ്സ്.രാജഗോപാൽ | 01.04.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം:

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം 1: ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12. | വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം | 1-12 |
| 13. | വാർഷിക കണക്കിലെ അപാകതകൾ | 1-13 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം | 2-1 |
| 15. | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 2-2 |
| 16. | വസ്തു നികുതി നിർണയിച്ചതിൽ അപാകത | 2-3 |
| 17. | വസ്തു നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ പരിപാലനത്തിൽ അലംഭാവം | 2-4 |
| 18. | തൊഴിൽനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല | 2-5 |
| 19. | ഡി ആന്റ് ഓ ലൈസൻസ്-പൊതുവായ അപാകതകൾ | 2-6 |
| 20. | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-7 |
| 21. | ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല | 2-8 |
| 22. | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-9 |
| | <u>ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u> | |
| 23. | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും | 3-1 |
| 24. | ഫൈനൽ തുകയിൽ നിന്നും ടെണ്ടർ കുറവു വരുത്തിയില്ല. 80252/- രൂപ നഷ്ടമായി | 3-2 |
| 25. | ബാരൽ വില ഈടാക്കിയിട്ടില്ല | 3-3 |
| 26. | വിനിയോഗത്തിലെ പിഴവ് - പഞ്ചായത്തിന് നഷ്ടമായത് 62.3 ലക്ഷം രൂപ | 3-4 |
| 27. | മേമല-വട്ടേരിമല കുടിവെള്ള പദ്ധതി- പൂർത്തിയാകാത്ത പദ്ധതിയുടെ ഉത്ഘാടനം നടത്തി | 3-5 |
| 28. | തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട പ്രവൃത്തികളിലെ അപാകതകൾ | 3-6 |
| 29. | വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല | 3-7 |
| 30. | വസ്തു വകകളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല | 3-8 |
| 31. | പ്രതിമാസ വെള്ളക്കരം 73938/-രൂപ - ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല | 3-9 |
| 32. | മരാമത്ത് പ്രവൃത്തികൾ-രൂപീകരണത്തിലും ആസൂത്രണത്തിലും പിഴവുകൾ | 3-10 |
| 33. | മരാമത്ത് പ്രവൃത്തികൾ-ഫയൽ സൂക്ഷിപ്പിൽ അപാകതകൾ | 3-11 |
| 34. | റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല | 3-12 |
| 35. | പതിന്നാലാം ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി | 3-13 |
| 36. | കറവപ്പശു വളർത്തൽ പദ്ധതി - സബ്സിഡി തുക ക്രെഡിറ്റ് ചെയ്തതായി രേഖയില്ല | 3-14 |

| | | |
|---|---|---|
| 37. | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും | 3-15 |
| 38. | പാലിയേറ്റീവ് കെയർ പദ്ധതി- മരുന്ന് പൂർണ്ണമായി ലഭിച്ചില്ല | 3-16 |
| 39. | മാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയില്ല | 3-17 |
| 40. | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും | 3-18 |
| 41. | ആശ്രയ പദ്ധതി -ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 3-19 |
| 42. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-20 |
| 43. | രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-21 |
| 44. | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-22 |
| 45. | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല | 3-23 |
| 46. | കുട്ടികൾക്കും ഭിന്നശേഷിയുള്ളവർക്കുമായുള്ള പദ്ധതികൾ -മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-24 |
| 47. | ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല | 3-25 |
| 48. | സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങി | 3-26 |
| | ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 49. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 50. | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 51. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 52. | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 53. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 54. | ഓഡിറ്റ് റിക്കവറി | 4-6 |
| 55. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 56. | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 57. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 58. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 28.03.2017 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി | 16.02.2018 |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|

| | | | (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 7720155 | 7260150 | -460005 |
| വരവ് | 82830000 | 50858793 | -31971207 |
| ആകെ | 90550155 | 58118943 | -32431212 |
| ചെലവ് | 84037500 | 53608400 | -30429100 |
| നീക്കിയിരിപ്പ് | 6512655 | 4510543 | -2002112 |

പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 05.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 27.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 13.07.18-ലെ കെ.എസ്.എ.പി.റ്റി.എ.പി.8/833/ 2018, തീ.13.07.2018 നമ്പരായി വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പരിഹരിക്കാൻ അവശേഷിക്കുന്ന അപാതകളുടെ വിവരം ഖണ്ഡിക 1-13 ൽ ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 7260150 |
| വരവ് | 50858793 |
| ആകെ | 58118943 |
| ചെലവ് | 53608400 |
| നീക്കിബാക്കി | 4510543 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13995648 | 13995648 | 12417769 | 1577879 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4586607 | 4586607 | 4037433 | 549174 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 101959 | 101959 | 30470 | 71489 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7050588 | 7050588 | 4653790 | 2396798 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2931000 | 2931000 | 2926988 | 4012 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6080292 | 6080292 | 4482561 | 1597731 |
| ലോക ബാങ്ക് സഹായം | 0 | 2079346 | 2079346 | 2043919 | 35427 |
| ട്രഷറി റ്റി.എസ്സ്.ബി(ജനറൽ പർപ്പസ്) | 2468654 | 7358980 | 9827634 | 10639813 | -812179 |
| എസ്സ്.ബി.റ്റി(ലിറ്ററസി) | 15529 | 0 | 15529 | 0 | 15529 |
| എസ്സ്.ബി.റ്റി(ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്) | | | 0 | | 0 |
| എം.എൻ ആർ.ഇ.ജി.എസ്സ് | 560 | 789728 | 790288 | 789161 | 1127 |
| എസ്സ്.ബി.റ്റി (പൈക) | 73000 | 0 | 73000 | | 73000 |
| ട്രഷറി റ്റി.എസ്സ്.ബി (സംയുക്ത പ്രോജക്ടുകൾ) | 2900 | 2225730 | 2228630 | 2396205 | -167575 |
| തനത് ഫണ്ട് | 4529039 | 10193865 | 14722904 | 9592748 | 5130156 |
| നിർമ്മൽ പുരസ്കാരം | 204589 | 7789 | 212378 | 0 | 212378 |
| സാക്ഷരത | 15529 | 0 | 15529 | 0 | 15529 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 201 | 144 | 57 | 72 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 14 | 5404095 | 1875289 | 35 |
| കൃഷി ഓഫീസർ | 6 | 6 | 1437808 | 1357808 | 94 |
| വെറ്റിനറി സർജൻ | 8 | 8 | 4042000 | 2402000 | 59 |
| എൽ.വി.ഇ.ഒ. | 2 | 2 | 1568000 | 1156000 | 74 |
| വി.ഇ.ഒ. | 7 | 6 | 5054800 | 4430800 | 88 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 125 | 88 | 30323782 | 18124995 | 60 |
| ഐ.സി.ഡി.എസ് | 6 | 4 | 3110686 | 2584132 | 83 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 2 | 822720 | 523667 | 64 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| ഹെഡ് മാസ്റ്റർ | 2 | 2 | 175000 | 174980 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 765803 | 765803 | 100 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 12 | 10 | 4349256 | 4028903 | 93 |
| ആകെ | 201 | 144 | 57353950 | 37724377 | 66 |

പദ്ധതി ആസൂത്രണം

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 27.02.2017 ലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ 2017 ഏപ്രിൽമാസം 17 മുതൽ 24 വരെയുള്ള തീയതികളിലായും ഊരുകൂട്ടം 18.04.2017ലും വികസന സെമിനാർ 29.05.2017 ലും ചേർന്നിട്ടുണ്ട്. വാർഷിക പദ്ധതിയ്ക്ക് 24.03.2018 ലെ ആർ.ഒ2/960/17 /ഡി.പി.സി.ഡി.പി.ഒ.പിറ്റിഎ പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപ്പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ കൈക്കൊണ്ട തീരുമാനങ്ങളോ മിക്ക മിനിട്സിലും ഉണ്ടായിരുന്നില്ലെന്നത് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളെ ലാഘവ ബുദ്ധിയോടെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ സമീപിച്ചതെന്നതിന് തെളിവാണ്. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

2. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3. ഗ്രാമപ്പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.

4. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.

5. വാർഷിക പദ്ധതിയിൽ എല്ലാ മേഖലകൾക്കും അർഹമായ പരിഗണന ലഭിക്കുന്നില്ല. ആരോഗ്യം, വിദ്യാഭ്യാസം എന്നീ അടിസ്ഥാന മേഖലകൾക്ക് യഥാക്രമം പദ്ധതി അടങ്കലിന്റെ 2%-ഉം .3%-ഉം മാത്രമാണ് വകയിരുത്തിയത്.

6. ഓഡിറ്റ് വർഷം ലഭിച്ച പട്ടികജാതി, പട്ടിക വർഗ്ഗ വികസന ഫണ്ട് യഥാക്രമം 84.12% ഉം, 29.87% ഉം റോഡിതര മെയിന്റനൻസ് ഫണ്ട് 62 ശതമാനവും, റോഡ് മെയിന്റനൻസ് ഫണ്ട് 51 ശതമാനവു മാണ് ചെലവഴിച്ചിട്ടുള്ളത്.

7. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി ചെലവഴിക്കാതെ വലിയ തോതിൽ പാഴാകുന്നു.

8. ഗ്രാമപ്പഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപ്പഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

9. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി,ഖരമാലിന്യ നിർമ്മാർജ്ജന

പദ്ധതി എന്നിവ അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല (ഉദാ: കുട്ടികൾ,ഭിന്നശേഷിയുള്ളവർ എന്നിവർക്കായുള്ള പദ്ധതികളിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല).പരിസ്ഥിതി സംരക്ഷണം,യുവജന വികസന പദ്ധതി എന്നീ മേഖലകളിൽ തുക വകയിരുത്തിയിട്ടില്ല.

10. എസ്സ്.സി.പി,ടി.എസ്സ്.പി ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.
11. കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ ഒരു കോടിയോളം രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും മുടക്കിയ തുകയ്ക്കനുസരിച്ചിട്ടുള്ള പ്രയോജനം പഞ്ചായത്ത് പരിധിയിൽ ലഭിച്ചിട്ടില്ല.ആഴ്ചയിലൊരിക്കൽ മാത്രമാണ് ജലം ലഭിക്കുന്നത്.

പോരായ്മകൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം കുറ്റമറ്റമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3727069 | 6211929 | (+)2484860 | (+)167 |
| നികുതിയേതര വരവുകൾ | 388933 | 810609 | (+)421676 | (+)208 |
| മറ്റ് വരവുകൾ | 152935 | 159164 | (+)6229 | (+)104 |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | 2017-18-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | സമയപരിധി കഴിഞ്ഞ് അനുവദിച്ചവ | നിരസിച്ചവ |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 8 | - | - | |
| 2 | വിധവാ പെൻഷൻ | 31 | 31 | | |
| 3 | വികലാംഗ പെൻഷൻ | 15 | 13 | 2 | |
| 5 | വാർദ്ധക്യകാല പെൻഷൻ | 202 | - | 179 | 23 |

അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന03.10.2018 ൽ സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 22714/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. പൊതു ആഭ്യന്തര നിയന്ത്രണം തൃപ്തികരമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിച്ചിട്ടുണ്ട്.എന്നാൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽ വരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

പേഴ്സണൽ രജിസ്റ്റർ: പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

അക്കൗണ്ടിംഗ് സംവിധാനം: സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവേ തൃപ്തികരമാണ്.

പ്രൊക്യൂർമെന്റ്: പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടുള്ളതായി

കണ്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല നടത്തിയിട്ടുള്ളത്. ടെണ്ടറുകൾ അംഗീകരിക്കുന്നതിലും വാങ്ങുന്ന സാധനങ്ങളുടെ ന്യായവിലയും ഗുണനിലവാരവും ഉറപ്പുവരുത്തുന്ന കാര്യത്തിലും പ്രോക്യൂർമെന്റ് കമ്മിറ്റി യാതൊരു പങ്കും വഹിച്ചിട്ടുള്ളതായി കാണുന്നില്ല. വാങ്ങലുകൾ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതപ്പെടുത്തി തീരുമാനമെടുക്കുക മാത്രമാണ് കമ്മിറ്റിയിൽ ചെയ്തിട്ടുള്ളത്.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.2017-18 വർഷം പഞ്ചായത്ത് ഓഫീസിലേക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കുമായി 3 ലാപ്പ് ടോപ്പ്, 2ഡെസ്ക് ടോപ്പ്, 2 പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17/07/2018 | 06/2018 | പുറപ്പെടുവിച്ചിട്ടില്ല. |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2018-11.07.2018 | 2013-14 മുതൽ 2017-18 വരെ | 06.09.2018 |

## 1-12 വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. പഞ്ചായത്തിൽ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | മേഖല | ആകെ അംഗങ്ങളുടെ എണ്ണം | യോഗം ചേർന്ന തീയതി/ഹാജരായവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| ധനകാര്യം | കണക്കുകളും, രേഖകളും തയ്യാറാക്കൽ | | 27.02.2017/3 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മിനിട്സ് ക്ളോസ്സ് ചെയ്തിട്ടില്ല. |
| വികസനം | 1. കൃഷിയും അനുബന്ധ മേഖലയും14 | 14 | 27.02.2017/10 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| | 2. മൃഗസംരക്ഷണവും ക്ഷീര വികസനവും | 14 | 27.02.2017/6 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| | 3. ചെറുകിട വ്യവസായം | 14 | 27.02.2017/7 | മിനിട്സ് എഴുതിയിട്ടില്ല. |
| പൊതു മരാമത്ത് | | 14 | 27.02.2017/7 | മിനിട്സ് എഴുതിയിട്ടില്ല. |
| ക്ഷേമകാര്യം | 1. ദാരിദ്ര്യ | 14 | 27.02.2017/7 | മിനിട്സ് ക്ലോസ്സ് |

| | | | | |
|---|---|---|---|---|
| | ലഘൂകരണം | | | ചെയ്തിട്ടില്ല. |
| | 2. സാമൂഹ്യക്ഷേമം | 14 | 27.02.2017/10 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| | 3. പട്ടികജാതി പട്ടിക വർഗ്ഗ വികസനം | 14 | 27.02.2017/7 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| | 5. സ്ത്രീകളുടേയും കുട്ടികളുടെയും വികസനം | 14 | 27.02.2017/12 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| ആരോഗ്യവും, വിദ്യാഭ്യാസവും | 1. ആരോഗ്യം | 14 | 27.02.2017/6 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| | 2. കുടിവെള്ളം, ശുചിത്വം | 14 | 27.02.2017/11 | മിനിട്സ് എഴുതിയിട്ടില്ല. |
| | 3. വിദ്യാഭ്യാസം, സാംസ്കാരികം | 14 | 27.02.2017/8 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രം. മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| വൈദ്യുതി, ഊർജ്ജം | രൂപീകരിച്ചിട്ടില്ല | | | |
| പാർപ്പിടം | രൂപീകരിച്ചിട്ടില്ല | | | |

വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയോ പദ്ധതി രൂപീകരണത്തിലോ നിർവ്വഹണത്തിലോ സജീവമായ പങ്കാളിത്തം വഹിക്കുകയോ ചെയ്തിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ബുക്കുകൾ ക്ളോസ്സ് ചെയ്യുന്നില്ല. പദ്ധതികളുടെ മോണിട്ടറിംഗം വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വാർഷിക കണക്കിലെ അപാകതകൾ

1. വസ്തു നികുതിയിനത്തിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് ഇനങ്ങളിലെ തുകകളും സഞ്ചയയിലെ തുകകളും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
2. തൊഴിൽ നികുതിയിനത്തിൽ രജിസ്റ്റർ പ്രകാരം 40440/- രൂപ കുടിശ്ശികയുണ്ട്. എന്നാൽ ഈ വിവരം ഡിസിബി പത്രികയിലും വാർഷിക കണക്കിലും ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

നികുതി നികുതിയേതര വരവ് ഇനങ്ങളുടെ ഡിമാന്റിന്റേയും പിരിവിന്റെയും കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുക, പുതിയ റവന്യൂ വരവുകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുക, നികുതി പിരിവ് കാര്യക്ഷമമാക്കുക, രേഖകളുടെയും രജിസ്റ്ററുകളുടെയും കൃത്യമായ സൂക്ഷിപ്പ് ഉറപ്പുവരുത്തുക, പ്രതിമാസ വരവ് ചെലവ് അക്കൗണ്ടുകൾ പരിശോധിച്ച് അംഗീകരിക്കുക എന്നീ ചുമതലകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായി നിറവേറ്റിയിട്ടില്ല എന്നു കാണുന്നു. ഓഡിറ്റ് വർഷം 14 തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിൽ ഫലപ്രദമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും പുതിയ റവന്യൂ വരവുകൾ കണ്ടെത്തി പഞ്ചായത്തിന്റെ റവന്യൂ വരവ് വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായ നടപടികൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

സ്വീകരിക്കേണ്ടതാണ്. പ്ലാസ്റ്റിക് പരിപാലന ചട്ടം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 രസീത് പരിശോധനയിൽ കണ്ട അപാകതകൾ

സാമ്പത്തിക വർഷം വെറ്റിനറി സർജന് വിതരണം ചെയ്ത രസീത് ബുക്കുകളിൽ (രസീത് നം. 11367,11368,11369 & 11370) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കാര്യാലയത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന് രസീത് ബുക്കുകൾ നൽകുമ്പോൾ കൃത്യമായി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി നൽകുകയും കാര്യാലയത്തിൽ തിരികെ നൽകുമ്പോൾ ഉപയോഗിക്കാത്തവ ക്യാൻസൽ ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-3 വസ്തു നികുതി നിർണയിച്ചതിൽ അപാകത

| കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ. ന് 20/- ക്രമത്തിൽ) | | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ. ന് 40/- ക്രമത്തിൽ) | | കുറവ് |
|---|---|---|---|---|---|---|---|
| I/379A<br>വാണിജ്യം | പ്രസന്നകുമാരിയമ്മ<br>കുന്നേൽ (H)<br>എഴുമറ്റൂർ | 135 $m^2$ | വസ്തു നികുതി | 2700 | വസ്തു നികുതി | 5400 | 3834 |
| | | | ഗ്രന്ഥശാല വരി | 135 | വഗ്രന്ഥശാല വരി | 270 | |
| | | | സേവന നികുതി | 999 | സേവന നികുതി | 1998 | |
| | | | ആകെ | 3834 | ആകെ | 7668 | |

വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന്40/-രൂപ നിരക്കിൽ നികുതി ഈടാക്കേണ്ടിയിരിക്കെ പ്രസന്നകുമാരിയമ്മ എന്ന വ്യക്തിയിൽ നിന്നും ച.മീ. ന് 20/-രൂപ നിരക്കിൽ ഈടാക്കിയതിനാൽ പഞ്ചായത്തിന് 3834/- രൂപ നഷ്ടമുണ്ടായി. ടി കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയം നടത്തേണ്ടതും നഷ്ടമായ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 വസ്തു നികുതി രജിസ്റ്റർ-ശരിയായി എഴുതി സൂക്ഷിക്കുന്നില്ല

വസ്തു നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ (UA Register), ക്രമവൽക്കരണ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണ രജിസ്റ്റർ കാലികമാക്കിയിട്ട് വർഷങ്ങളായി. 2014 വർഷം വരെയുള്ള വിവരങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ക്രമവൽക്കരണ രജിസ്റ്ററും കാലികമാക്കിയിട്ടില്ല. രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കുന്നതിന് സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല

എ) പഞ്ചായത്ത്പരിധിയിലുള്ള കരാർ വർക്കുകൾ ഏറ്റെടുത്തു നടത്തുന്ന കോൺട്രാക്ടർമാർ തൊഴിൽനികുതി അടയ്ക്കുന്നില്ല

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ തൊഴിൽ നികുതി അടവാക്കുന്നില്ല. താഴെച്ചേർക്കുന്ന കരാറുകാർ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിച്ചവരാണ്. ഇവരിൽ ടെണ്ടർ ലഭിച്ച കരാറുകാരും തൊഴിൽ നികുതി അടവാക്കുന്നില്ല.

| ക്രമ നം. | പേര് | ക്രമ നം. | പേര് |
|---|---|---|---|
| 1. | കെ.എം.ജോർജ്ജ് | 18. | സ്കറിയാ തോമസ് |
| 2. | എം.കെ.ചന്ദ്രബോസ് | 19. | സോണി ജോസഫ് |
| 3. | രമേഷ് കെ.കെ. | 20. | ജിനോ പി.കുര്യൻ |
| 4. | പി.എം. കബീർ | 21. | ഡേവിസ് കെ. |

| | | | |
|---|---|---|---|
| | | | ചെറിയാൻ |
| 5. | ജോൺ തോമസ് | 22. | എ.ജി. രാജ്മോഹൻ നായർ |
| 6. | ബിജോയി കുര്യൻ അലക്സാണ്ടർ | 23. | എം.എ. സാബു |
| 7. | കെ.എം. മാത്യു | 24. | കൊച്ചുമോൻ റ്റി.ജെ. |
| 8. | ബാലചന്ദ്രൻനായർ എൻ.വി. | 25. | റ്റി.ജി. ദിവാകരൻ നായർ |
| 9. | യോഹനാൻ പി.സി. | 26. | ഹരിഹരൻ എം. |
| 10. | മനീഷ് സ്കറിയാ | 27. | റ്റിജു ജോസ് |
| 11. | കെ.ഓ. കുര്യാക്കോസ് | 28. | സുരേഷ് കുമാർ റ്റി.എസ്. |
| 12. | ജോൺ സി.തോമസ് | 29. | ഡെന്നി സാം. |
| 13. | വർഗ്ഗീസ് ജോർജ്ജ് എ. | 30. | ഹരിലാൽ പി.എസ്. |
| 14. | പ്രസാദ് കെ. | 31. | അജിത് സക്കറിയ |
| 15. | ചാണ്ടി വർക്കി | 32. | മാത്യു ദേവസ്യ |
| 16. | ലിസ കെ. എബ്രഹാം | | |
| 17. | ബെന്നി സാം | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക്(നം.11, തീയതി 04.10.2018)ലഭ്യമാക്കിയ മറുപടി പ്രകാരം ഇവർ തൊഴിൽ നികുതി അടച്ചിട്ടില്ലായെന്നും മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറ്റ് സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്ത പക്ഷം പഞ്ചായത്തിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

ബി.) ക്വാറിയിൽ ജോലിചെയ്യുന്നവരിൽ നിന്നും തൊഴിൽനികുതി പിരിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ ആകെ 6 ക്വാറികളാണുള്ളത്, ഇതിൽ രവീന്ദ്രാറോക്ക്സ് എന്ന ക്വാറിയിലെ ജീവനക്കാർ മാത്രമാണ് തൊഴിൽ നികുതി അടച്ചിരിക്കുന്നത്. ബാക്കിയുള്ള 5 ക്വാറികളിലെ ജീവനക്കാർ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കാത്ത 5 ക്വാറികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. കയ്യാണത്ത് മിനറൽ & മെറ്റൽസ്

   C/O കെ. വർക്കി എബ്രഹാം

2. ലക്ഷ്മി സ്റ്റോൺ ഇൻഡസ്ട്രീസ്

   C/O അജയകുമാർ

   വല്യൂഴത്തിൽ(h), കുറവൻകുഴി

3. പൈക്കരയിൽ ക്വാറി വർക്ക്സ്

   C/O വിനോദ് കുമാർ ജി.

   പൈക്കരയിൽ(h), എഴുമറ്റൂർ

4. ദൈവസഹായം ക്വാറി

   C/O റ്റി.കെ. രാജു

   തുമ്പോളിൽ (h), ചാലാപ്പള്ളി

5. ജെ.ജെ. ക്വാറി

   C/O എം.വി. എബ്രഹാം

പുളിമ്പള്ളിൽ (h), നിരണം

ഈ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച റിട്ടേൺ സ്ഥാപന മേധാവിയിൽ നിന്ന് വാങ്ങേണ്ടതും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

സി) തൊഴിൽ നികുതി രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല

രണ്ടാം അർദ്ധ വർഷം എഴുമറ്റൂർ വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് തൊഴിൽ നികുതി രജിസ്റ്ററുകളും അർദ്ധ വാർഷിക വരുമാന പത്രികകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഒന്നാം അർദ്ധവർഷം മൂന്നു ജീവനക്കാരിൽ നിന്നും 1250/- രൂപ വീതം 3750/- രൂപ ഈടാക്കിയിട്ടുണ്ട്. രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഡി ആന്റ് ഓ ലൈസൻസ്-പൊതുവായ അപാകതകൾ

1.കൃത്യമായ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങളിൽ നിന്നും മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. കൃത്യമായ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

2.സമയപരിധിയ്ക്കുള്ളിൽ ലൈസൻസ് പുതുക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. 2017-18 സാമ്പത്തികവർഷത്തിൽ 286 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതിൽ കേവലം 29 സ്ഥാപനങ്ങൾ മാത്രമാണ് നിശ്ചിതസമയപരിധിയ്ക്കുള്ളിൽ ലൈസൻസ് എടുത്തിട്ടുള്ളത്.01.04.2017 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പല സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 2-7 മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു

ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന

സ്ഥാപനങ്ങൾക്ക് 2017-18സാമ്പത്തിക വർഷത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ ലൈസൻസ് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| സ്ഥാപനം | അനുമതിയുടെ കാലപരിധി | ലൈസൻസ് കാലയളവ് |
|---|---|---|
| ക്വാളിറ്റി ഇൻഡസ്ട്രീസ്, എഴുമറ്റൂർ | 31.12.2017 | 01.04.2017-31.03.2018 |
| സെന്റ് തോമസ് ബ്രിക്സ്,എഴുമറ്റൂർ | 31.12.2017 | 01.04.2017-31.03.2018 |
| തോംസൺ ചിക്കൻ സെന്റർ | 31.12.2017 | 26.05.2017-31.03.2018 |
| അഭിഷേക് എഞ്ചിനീയറിംഗ് വർക്സ് | 30.06.2017 | 23.05.2017-31.03.2018 |

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമുള്ള സ്ഥാപനങ്ങൾ ആയത് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കന്നുകാലി, ആട്, കോഴി ഫാമുകൾ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല. ചട്ടം 3 പ്രകാരം 5 എണ്ണത്തിൽ കൂടുതൽ കന്നുകാലികളെയോ 20 എണ്ണത്തിൽ കൂടുതൽ ആടുകളെയോ 100 എണ്ണത്തിൽ കൂടുതൽ പക്ഷികളെയോ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. മൃഗാശുപത്രിയിൽ നിന്നുമുള്ള വിവരങ്ങൾ പ്രകാരം ഇത്തരത്തിലുള്ള 2 ഫാമുകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 90 കന്നുകാലികളെ വളർത്തുന്ന പൈക്കര ഫാം, എഴുമറ്റൂർ എന്ന സ്ഥാപനം ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ഫാമുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ആയതിനാൽ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകുന്നു. ഇവരിൽ നിന്നും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനു വേണ്ട മുന്നൊരുക്കങ്ങളും ഇടപെടലും നടത്തുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക തുടങ്ങിയവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. കൃഷി അനുബന്ധ മേഖലകൾ, മൃഗസംരക്ഷണവും, ക്ഷീരവികസനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിടം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നു. ഓഡിറ്റ് വർഷം വികസന സ്റ്റാന്റിംഗ് കമ്മിറ്റി 14യോഗങ്ങൾ ചേർന്നിട്ടുണ്ട്.

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം എന്ന നിലയിൽ അടുത്ത അഞ്ച് വർഷം പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ഒരു സമഗ്ര കാഴ്ചപ്പാട് രൂപീകരിക്കുകയും, ദീർഘവീക്ഷണത്തോടെ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടത് പഞ്ചായത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. വിവിധ വികസന മേഖലകൾ അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ അപഗ്രഥിച്ച് അവസ്ഥാ രേഖ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുമരാമത്ത് മേഖലയിൽ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടോടെയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനാൽ പ്രവൃത്തികൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല.

പഞ്ചായത്ത് അനിവാര്യമായും നടപ്പിലാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ശ്മശാനം, അറവു ശാല എന്നിവ സ്ഥാപിക്കുന്നതിനോ ഫലപ്രദമായ ഖരമാലിന്യ പരിപാലന പരിപാടികൾ നടപ്പിലാക്കുന്നതിനോ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഈ വിഷയങ്ങളിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-2 ഫൈനൽ തുകയിൽ നിന്നും ടെണ്ടർ കുറവു വരുത്തിയില്ല. 80252/- രൂപ നഷ്ടമായി

2017-18 വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ കുറവ് വരുത്താതെ കരാറുകാർക്ക് പ്രതിഫലം നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നമ്പർ/പേര് | അടങ്കൽ/ഫണ്ടിനം | പ്രവൃത്തി മൂല്യം | ടെണ്ടർ കുറവ് | ചെലവ് വിവരം(ബിൽ നമ്പർ/തീയതി) | പ്രവൃത്തി മൂല്യത്തിൽ നിന്നും കുറവ് ചെയ്യേണ്ട തുക |
|---|---|---|---|---|---|---|
| 1. | 36/18<br>തെക്കേമുറിപ്പടി പളളിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ-അനീഷ് സക്കറിയ | 120000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>50000/--തനത് ഫണ്ട് | 166880<br>എം.ബുക്ക് 28/18 | 16.56% | 48880<br>45502[ചെക്ക് നമ്പർ-6348673/29.03.2018]<br>1689[ചെക്ക് നമ്പർ-6348674/29.03.2018]<br>1689[ചെക്ക് നമ്പർ-6348675/29.03.2018] | 27635 |
| 2. | ആശ്രമം | 288000- | 287587 | 3.99% | 287587ബിൽ | 11475 |

| | | | | | | |
|---|---|---|---|---|---|---|
| | -മുളയ്ക്കൽ റോഡ് റീ ടാറിംഗ്<br>44/18<br>കരാറുകാരൻ– പി.എം.കബീർ | റോഡിതര സംരക്ഷണ ഗ്രാന്റ് | എം.ബുക്ക് 13/17-18 | | നമ്പർ210910/19.03.2018 | |
| 3. | പ്രിയദർശിനി -വേങ്ങഴത്തട റോഡ് കോൺക്രീറ്റിംഗ്<br>103/18<br>കരാറുകാരൻ– കെ.ആർ രാജ്മോഹൻ നായർ | 175000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 172191<br>എം.ബുക്ക് 1/17-18 | 17.2% | 172191 ബിൽ നമ്പർ 1039911/20.02.2018 | 29617 |
| 4. | വെട്ടിത്തറ- കുരിക്കാട്ടിൽപ്പടി റോഡ് റീ ടാറിംഗ്<br>56/18<br>കരാറുകാരൻ– പി.എം.കബീർ | 283000- റോഡിതര സംരക്ഷണ ഗ്രാന്റ് | 281085<br>എം.ബുക്ക് 14/17-18 | 4.1% | 281085ബിൽ നമ്പർ 1210939/19.03.2018 | 11525 |
| | ആകെ | | | | | 80252 |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കി അതാത് ഹെഡ്ഡിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## 3-3 ബാരൽ വില ഈടാക്കിയിട്ടില്ല

MORD സ്പെസിഫിക്കേഷൻ പ്രകാരം ഡാറ്റാ തയ്യാറാക്കിയ റീ ടാറിംഗ് പ്രവൃത്തികളുടെ ഡാറ്റായിൽ എമൽഷൻ -പാക്കഡ്(M-407),ബിറ്റുമിൻ S-65 (പാക്ക്ഡ്)@156kg/drum(M-408) എന്നിവയ്ക്ക് ബാധകമായ നിരക്കാണ് നൽകിയിട്ടുള്ളത്. ബാരൽ വില ഉൾപ്പെടെയുള്ള നിരക്ക് ഡാറ്റായിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കരാറുകാരനിൽ നിന്നും ബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ വാങ്ങുകയോ ചെയ്യേണ്ടതായിരുന്നു.എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയത് പരിശോധിച്ചതിൽ ബാരൽ വിലയും ഇതിന് ബാധകമായ ജി.എസ്സ്.റ്റിയും ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | അടങ്കൽ | വേലമൂല്യം ,ബിൽ നമ്പർ | എം.ബുക്ക് | ഉപയോഗിച്ച ടാർ | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക | GST | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1. | എലിക്കുഴ -പുളിക്കമറ്റം റോഡ് റീടാറിംഗ്<br>32/18 | രമേശ്.കെ.കെ | 125000 | 124441- 801210916/19.03.2018 | 18/17-18 | 970.20 kg (VG 30)<br>107.25 (RS1) | 6<br>1 | 7X238= 1666 | 200 | 1866 |
| 2. | കൊറ്റൻകുടി -പെരുമ്പാറ റോഡ് റീടാറിംഗ്<br>33/18 | രമേശ്.കെ.കെ | 162000 | 161116- 801039908/20.02.2018 | 12/17-18 | 1277.76kg (VG 30)<br>46.44 (RS1) | 8<br>1 | 9X238= 2142 | 257 | 2399 |
| 3. | ആശ്രമം -മുളയ്ക്കക്കൽ റോഡി റീ ടാറിംഗ്<br>44/18 | പി.എം.കബീർ | 288000 | 287587- 801210910/19.03.2018 | 13/17-18 | 2285.9kg<br>264.3kg | 15<br>1 | 16X238= 3808 | 457 | 4265 |
| 4. | എഴുമറ്റൂർ ആശുപത്രി -കാരമല | പി.എം.കബീർ | 288000 | 260023- 801039921/20.02.2018 | 17/17-18 | 1456kg (VG 30) | 9<br>1 | 10X238= 2380 | 286 | 2666 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ബാലവാടി റോഡ് റീടാറിംഗ് 47/18 | | | | | 164.725kg (RS1) | | | | |
| 5. | വെട്ടിത്തറ -കരിക്കാട്ടിൽപ്പടി റോഡ് റീ ടാറിംഗ് 56/18 | പി.എം.കബീർ | 283000 | 281085-801210939/ 19.03.2018 | 14/17-18 | 2205kg (VG 30) 247.5kg (RS1) | 14 2 | 16X238= 3808 | 457 | 4265 |
| 6. | വാളക്കുഴി -കാരമല റോഡ് റീ ടാറിംഗ് 80/18 | പി.എം.കബീർ | 288000 | 274996-801039927/ 20.02.2018 | 16/17-18 | 2278kg (VG 30) 263.772kg (RS1) | 15 1 | 16X238= 3808 | 457 | 4265 |
| 7. | ശാന്തിപുരം മുക്കുഴ റോഡ് റാ ടാറിംഗ് 83/18 | പി.എം.കബീർ | 288000 | 275823-801039924/20.02.2018 | 1517-18 | 2010kg (VG 30) 274.955kg (RS1) | 13 1 | 14X238 3332 | 400 | 3732 |
| 8. | വെണളം -ചെറാഴ മല റോഡ് റീ ടാറിംഗ് 133/18 | സക്കറിയാസ് തോമസ് | 233000 | 232191-800989565/08.02.2018 | 12/17-18 | 1889.58kg (VG 30) 201.90kg (VG 30) | 12 1 | 13X238 3094 | 371 | 3465 |
| 9. | അരിഞ്ഞിക്കൽ-മരങ്ങാട്ടുപടി റോഡ് റീ ടാറിംഗ് 134/18 | സക്കറിയാസ് തോമസ് | 233000 | 232736-800989567/08.02.2018 | 17/16-17 | 1894.85kg (VG 30) 207.90 (VG 30) | 12 1 | 13X238 3094 | 371 | 3465 |
| | ആകെ | | | | | | | 27132 | 3256 | 30388 |

ടി തുക കരാറുകാരിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## **3-4** വിനിയോഗത്തിലെ പിഴവ് - പഞ്ചായത്തിന് നഷ്ടമായത് **62.3** ലക്ഷം രൂപ

2017-18 വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭിച്ച 36825440/- രൂപയിൽ ചെലവഴിച്ചത് 30592930/- രൂപ മാത്രമാണ്(83%). ലഭ്യമായ തുകയുടെ ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 19.09.2015 ലെ ജി.ഒ.(പി)419/15ഫിൻ ഉത്തരവ് പ്രകാരം ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടാകുന്ന തുക നഷ്ടമാകും. ഇപ്രകാരം ഗ്രാമപ്പഞ്ചായത്തിന് 2017-18ൽ 6232510/- രൂപ ചെലവഴിക്കാതെ നഷ്ടമായിട്ടുണ്ട്.

| ഫണ്ടിനം | 2017-18 വർഷത്തെ ബജറ്റ് അലോക്കേഷൻ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 13995648 | 12417769 | 1577879 |
| വികസന ഫണ്ട്(എസ്സ്.സി.പി) | 4586607 | 4037433 | 549174 |
| വികസന ഫണ്ട്(ടി.എസ്സ്.പി) | 101959 | 30470 | 71489 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6080292 | 4482561 | 1597731 |
| ലോകബാങ്ക് സഹായം | 2079346 | 2043919 | 35427 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 7050588 | 4653790 | 2396798 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2931000 | 2926988 | 4012 |
| ആകെ | 36825440 | 30592930 | 6232510 |

2017-18 വർഷത്തെ ബജറ്റിൽ അംഗീകരിച്ച് ലഭിച്ച തുക സമയബന്ധിതമായി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാത്തത് മൂലം 62.3 ലക്ഷം രൂപ നഷ്ടമായത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 മേമല-വട്ടേരിമല കുടിവെള്ള പദ്ധതി -പൂർത്തിയാകാത്ത പദ്ധതിയുടെ ഉത്ഘാടനം നടത്തി

മേമല -വട്ടേരി മലക്കീഴിൽ കോളനി കുടിവെള്ള പദ്ധതിയ്ക്കായി 2010-11 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലായി 63,94,102/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. നിക്ഷേപിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2010-11 | 1500000 |
| 2011-12 | 600000 |
| 2012-13 | 837524 |
| 2013-14 | 972474<br>156104 |
| 2014-15 | 1243000 |
| 2015-16 | 1085000 |

വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് പ്രവൃത്തിക്ക് പല തവണകളായി തുക ഡെപ്പോസിറ്റ് ചെയ്യത് എന്നും പ്രവൃത്തിയുടെ വിശദമായ വാല്യുവേഷൻ എടുക്കണമെന്നും മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നു. എന്നാൽ നാളിതുവരെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ പ്രവൃത്തിയുടെ വാല്യുവേഷൻ എടുക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(12/04.10.2018) ലഭ്യമാക്കിയ മറുപടി പ്രകാരം 4066104/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായത് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധിച്ചതിൽ working charges,cost of materials, centage charges,contigency charges എന്നിങ്ങനെയുള്ള ഇനങ്ങളിൽ ചെലവായ തുകയുടെ വിവരം മാത്രമാണ് സാക്ഷ്യപത്രത്തിൽ കാണിച്ചിട്ടുള്ളത്.ഏതൊക്കെ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്നതിന്റെ വിവരം സാക്ഷ്യപത്രത്തിൽ കാണിച്ചിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ പ്രവൃത്തിയുടെ വാല്യുവേഷൻ എടുക്കുകയോ ചെയ്യാത്തതിനാൽ നൽകിയ തുക ഏതൊക്കെ സ്ഥലങ്ങളിലെ ഏതിനം പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് ഓഡിറ്റിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

കുടിവെള്ള വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ പ്രവൃത്തിസംബന്ധിച്ച് യാതൊരു പരാമർശങ്ങളും മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കാരമല പ്രദേശത്ത് ഭൗതിക പരിശോധന നടത്തിയതിൽ ചിലയിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ആഴ്ചയിൽ ഒരിക്കൽ മാത്രമാണ് വെള്ളം ലഭിക്കുന്നതെന്നാണ് തദ്ദേശവാസികളിൽ നിന്നും അറിയാൻ കഴിഞ്ഞത്. വട്ടേരിയിൽ എന്ന സ്ഥലത്ത് പദ്ധതിയുടെ ഉദ്ഘാടനം നടത്തിയതായി ശിലാഫലകം സ്ഥാപിച്ചിട്ടുണ്ട്. 63.94 ലക്ഷത്തോളം രൂപ ചെലവിട്ട കുടിവെള്ള പദ്ധതിയുടെ പ്രയോജനം പഞ്ചായത്ത് പ്രദേശത്ത് ലഭ്യമായിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കുടിവെള്ള വർക്കിംഗ് ഗ്രൂപ്പ് നാളിതുവരെയുള്ള പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുകയോ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കുടിവെള്ള പദ്ധതിയുടെ വാല്യുവേഷൻ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി ചെലവഴിച്ച തുകയ്ക്കുള്ള പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്ന് ഭരണസമിതി അന്വേഷിക്കേണ്ടതും ചെയ്യാത്ത പ്രവൃത്തികൾക്കു വേണ്ടി തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-6 തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട പ്രവൃത്തികളിലെ അപാകതകൾ

**1.**ഇല്ലാത്ത വിളക്കുകൾക്ക് വൈദ്യുത ചാർജ്ജ് അടയ്ക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് നിലവിൽ 45473/- രൂപയാണ് തെരുവുവിളക്കുകളുടെ വൈദ്യുതിചാർജായി അടയ്ക്കുന്നത്.എന്നാൽ പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന യാതൊരു വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല.

പഞ്ചായത്ത് പരിധിയിൽ എത്ര വൈദ്യുത പോസ്റ്റുകൾ ഉണ്ടെന്നും എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും സംബന്ധിച്ച യാതൊരു വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല.

തെരുവ് വിളക്കുകളുടെ വൈദ്യുത ഉപഭോഗം സംബന്ധിച്ച് വൈദ്യുതബോർഡ് ലഭ്യമാക്കിയ കണക്ക് പ്രകാരം പഞ്ചായത്ത് നിലവിൽ നൽകുന്ന കറന്റ് ചാർജിന്റെ താരിഫ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | എണ്ണം | പ്രതിമാസ നിരക്ക് | തുക |
|---|---|---|---|---|
| 1. | സി.എഫ്.എൽ ഓട്ടോമാറ്റിക് വിളക്ക് 1X15W | 41 | 22 | 902 |
| 2. | മെർക്കുറി വേപ്പർ ലാമ്പ് 1X80W | 5 | 143 | 715 |
| 3. | ഫ്ളൂറസന്റ് ട്യൂബ് 2X40W | 20 | 134 | 2680 |
| 4. | ഫ്ളൂറസന്റ് ട്യൂബ് 1X40W | 126 | 66 | 8316 |

| | | | | |
|---|---|---|---|---|
| 5. | ഓർഡിനറി ബൾബ് 1X60W | 30 | 102 | 3060 |
| 6. | ഓർഡിനറി ബൾബ് 1X40W | 412 | 66 | 27192 |
| 7. | സി.എഫ്.എൽ ഓട്ടോമാറ്റിക് വിളക്ക് 1X11W | 25 | 16 | 400 |
| 8. | സി.എഫ്.എൽ ഓട്ടോമാറ്റിക് വിളക്ക് 2X11W | 69 | 32 | 2208 |
| ആകെ | | | | 45473 |

2016-17 വർഷം തെരുവിളക്ക് മെയ്റ്റനൻസ് പദ്ധതിയിലുൾപ്പെടുത്തി സി.എഫ്.എൽ വിളക്കുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ സമീപ ഭാവിയിലെങ്ങും ഓർഡിനറി ബൾബുകൾ പഞ്ചായത്തിൽ വാങ്ങിയിട്ടില്ല.

ഓർഡിനറി ബൾബിന് 40 വാട്ടിന് 66 രൂപയും 60 വാട്ടിന് 102 രൂപയുമാണ് പ്രതിമാസ നിരക്ക്. എന്നാൽ വൈദ്യുത ഉപഭോഗം കുറവുള്ള സി.എഫ്. വിളക്കിന് 11,15,22 വാട്ടുകൾക്ക് യഥാക്രമം 16,22,32 രൂപയാണ് നിരക്കുകൾ. ഇല്ലാത്ത ഓർഡിനറി ബൾബുകളുടെ കൂടിയ നിരക്കിലുള്ള ചാർജാണ് ഇപ്പോഴും വൈദ്യുതിചാർജായി അടച്ചു കൊണ്ടിരിക്കുന്നത്.

വൈദ്യുതബോർഡുമായിച്ചേർന്ന് തെരുവ് വിളക്കുകൾക്കുകളുടെ ഇനം എണ്ണം ഇവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി ഇതു സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കേണ്ടതും നിലവിലുള്ളതും പ്രവർത്തനക്ഷമവുമായ വിളക്കുകൾക്ക് മാത്രം വൈദ്യുത ചാർജ്അടയ്ക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

**2.**<u>മീറ്ററിംഗിന് തുക നൽകി നാളിതുവരെ മീറ്ററുകൾ സ്ഥാപിച്ചിട്ടില്ല</u>

2016-17,2017-18 വർഷങ്ങളിലായി മീറ്റർ സ്ഥാപിക്കുന്നതിന് വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലായി ചുവടെ ചേർക്കും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. കെ.എസ്സ്.ഇ.ബിയുമായി കരാർ വയ്ക്കാതെയാണ് തുക നൽകിയിട്ടുളളത്. കരാർ വയ്ക്കാത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടാൽ കാലാനുസൃതമായുണ്ടാകുന്ന നിരക്ക് വർദ്ധന മൂലമുളള അധിക നിരക്ക് പഞ്ചായത്ത് നൽകേണ്ടിവരും .

മീറ്റർ സ്ഥാപിക്കുന്നതിന് നാളിതുവരെ നൽകിയിട്ടുളള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇലക്ട്രിക്കൽ സെക്ഷന്റെ പേര് | ബിൽ നമ്പർ/ തീയതി | നിക്ഷേപിച്ച തുക |
|---|---|---|---|
| 1. | വെണ്ണിക്കുളം | 4672281/27.03.2017 | 169600 |
| 2. | അയിരൂർ | | 116600 |
| 3. | വായ്പൂർ | | 137800 |
| 4. | വായ്പൂർ | 430165/31.08.2017 | 84800 |
| 5. | കുമ്പനാട് | | 42400 |
| | ആകെ | | 551200 |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുളള കാലതാമസം മൂലം അധിക നിരക്ക് നൽകേണ്ടി വന്നാൽ ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതും ഓഡിറ്റ് നിയമ/ചട്ട പ്രകാരമുളള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**3.**<u>തെരുവു വിളക്ക് മെയ്റ്റനൻസ് -തെളിവുകളില്ലാതെ തുക നൽകി</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 123 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക ,ബിൽ നമ്പർ/തീയതി | 72675/-, 1/04.07.2017<br>25200/-, 14/13.07.2017 |

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 97875/- രൂപ ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ കെ.വി.അനിൽകുമാർ എന്നയാളിനെയാണ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പ്രവൃത്തി ഏൽപ്പിച്ചത്. അറ്റകുറ്റപ്പണി നടത്തുന്നതിന് സി.എഫ്.എൽ ലാമ്പ് /ട്യൂബ് - വിളക്കൊന്നിന് 95/-രൂപയ്ക്കാണ് ടിയാനുമായി കരാറിലേർപ്പെട്ടത്.

765 ലാമ്പുകളുടെ അറ്റകുറ്റപ്പണികൾക്കായി വിളക്കൊന്നിന് 95 രൂപ നിരക്കിൽ 72675/-രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നമ്പർ 1/04.07.2017). വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് അറ്റകുറ്റപ്പണികൾക്കുള്ള തുക നൽകുന്നത്. എന്നാൽ 2,3,5,6,9,11,12 എന്നീ വാർഡുകളിലേതൊഴികെയുള്ള ജനപ്രതിനിധികൾ വിളക്കുകൾ അറ്റകുറ്റപ്പണികൾ

നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിൽ 11 ,12 വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളിൽ എത്ര എണ്ണം വിളക്കുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തിയിട്ടുള്ളതെന്ന വിവരവും രേഖപ്പെടുത്തിയിട്ടില്ല. ലാമ്പുകൾ അറ്റകുറ്റപ്പണി നടത്തിയതായി കാണിച്ച് തുക നൽകിയിട്ടുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡിന്റെ പേര് | അറ്റകുറ്റപ്പണി നടത്തിയ വിളക്കുകളുടെ എണ്ണം |
|---|---|
| 1 | 50 |
| 11 | 55 |
| 111 | 50 |
| 1V | 60 |
| V | 50 |
| VI | 50 |
| VII | 50 |
| VIII | 50 |
| IX | 50 |
| X | 50 |
| XI | 100 |
| XII | 50 |
| XIII | 50 |
| XIV | 50 |
| | 765 |

വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തില്ലാതെ വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കായി നൽകിയ തുക 48450/-രൂപ(2,3,5,6,9 വാർഡുകളിലേത് ഒഴികെയുള്ള വിളക്കുകളുടേത് )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2/44274/15-ാം നമ്പർ ഉത്തരവ് പ്രകാരം തെരുവു വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസിൽ ചെയ്യേണ്ടതുമാണ്. തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് സംബന്ധിച്ച സ.ഉ.(സാധാ)നമ്പർ 2134/2015/തസ്വഭവ തീയതി 15.05.2015 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-7 വീട് വാസയോഗ്യമാക്കൽ അഡ്വാൻസ് കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | 107/18 വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥ | എൽ.വി.ഇ.ഒ |
| അടങ്കൽ | 1400000(വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് | 1000000(വികസനഫണ്ട്-എസ്.സി.പി)<br>ബിൽ നമ്പർ - 201184998/19.03.2018 |

വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്ക് 14 ഗുണഭോക്താക്കൾക്ക് 100000/- രൂപ വീതം 1400000/-രൂപ വകയിരുത്തിയിരുന്നു. ഇതിൽ 12 ഗുണഭോക്താക്കളാണ് കരാർ ഉടമ്പടി ചമച്ചിട്ടുള്ളത്. 8 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്.എന്നാൽ പദ്ധതി പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്നവർ പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/ബിൽ നമ്പർ |
|---|---|---|
| 1. | പി.കെ. കുട്ടപ്പൻ,പള്ളിവടക്കേതിൽ,വാളക്കുഴി | 50000-201184998/19.03.2018 |
| 2. | എ.എൻ.ഗംഗാധരൻ,മലേക്കീഴ് ,എഴുമറ്റൂർ | 50000-201184998/19.03.2018 |
| 3. | അമ്മിണി.പി.കെ,മായാ സദൻ,എഴുമറ്റൂർ | 50000-201046834/24.02.2018 |
| 4. | കൃഷ്ണൻ.വി.കെ,കിഴക്കേ മാടപ്പാട്,വെള്ളയിൽ | 50000-201046834/24.02.2018 |

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-8 വസ്തു വകകളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉൾപ്പെട്ട വസ്തുവകകളുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.ഗ്രാമപ്പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന വസ്തുവിന്റേതടക്കം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുളള ഭൂരിഭാഗം വസ്തുവകകളുടേയും ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല.
ആസ്തി രജിസ്റ്റർ പ്രകാരം 30ലധികം ഇടങ്ങളിലായി പഞ്ചായത്തിന് വസ്തുവകകൾ ഉണ്ട് . കൃഷി ഭവൻ,തോട്ടിമല സ്റ്റേഡിയം,പൊതു കളിസ്ഥലം,സെമിത്തേരി തുടങ്ങിയ സ്ഥലങ്ങളിൽ പഞ്ചായത്തിന് 10 സെന്റിൽ കുറയാത്ത ഭൂമി സ്വന്തമായുണ്ട്. വസ്തുവിന്റെയൊന്നും അസ്സൽ പ്രമാണം പഞ്ചായത്തിൽ ലഭ്യമല്ലെന്നു മാത്രമല്ല കരം അടയ്ക്കുന്നുമില്ല.

ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന വസ്തുക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തു വക വസ്തുവിന്റെ വിവരം | സർവ്വെ നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|
| 1. | അങ്കണവാടി നമ്പർ 43,മേത്താനം | 256/3-13 | 1 ആർ 21 ച.മീ |
| 2. | സെമിത്തേരി ,തടിയൂർ | 271/6 | 15 ആർ 80 ച.മീ |
| 3. | ചുഴന കോളനി | 12/8 | 2ആർ 70 ച.മീ |
| 4. | അങ്കണവാടി നം.49, പുറമല | 187/5 | രേഖപ്പെടുത്തിയിട്ടില്ല |
| 5. | അങ്കണവാടി നം.51 ചൂരനോലി | 209/8 | 1 ആർ 21 ച.മീ |
| 6. | അങ്കണവാടി നം.41 കൊറ്റൻകുടി | 19/3 | 1 ആർ 21 ച.മീ |
| 7. | അങ്കണവാടി നമ്പർ 56 വാളക്കുഴി | 82/1 | 2 ആർ 26 ച.മീ |
| 8. | അങ്കണവാടി നമ്പർ 58 അട്ടകുഴിയ്ക്കൽ | 48/8 | 1 ആർ 21 ച.മീ |
| 9. | അങ്കണവാടി നമ്പർ 52 ഇട്ടവിനാം പൊയ്ക | 91/2-1 | 1 ആർ 21 ച.മീ |
| 10. | കൃഷി ഭവൻ | 82/7 | 4 ആർ 40 ച.മീ |
| 11. | പഞ്ചായത്ത് ഓഫീസ് കെട്ടിടം | 17/1 | 12 ആർ 50 ച.മീ |
| 12. | വില്ലേജ് ഓഫീസ് | 41/7 | 2 ആർ 3 ച.മീ |
| 13. | അങ്കണവാടി നം.55 പഞ്ചായത്ത് പടി | 41/7 | 2 ആർ 3 ച.മീ |
| 14. | പൊതു കളിസ്ഥലം ,തെള്ളിയൂർ | 41/7 | 13 ആർ 50 ച.മീ |
| 15. | തരിശ് (വെണ്ണിക്കുളം ) | 2/2 | 1 ആർ 60 ച.മീ |
| 16. | തോട്ടിമലയിൽ സ്റ്റേഡിയം ,എഴുമറ്റൂർ | 17/8 | 17 ആർ 10 ച.മീ |
| 17. | പി.എച്ച്.സെന്റർ,തെള്ളിയൂർ | 17/6 | 51 ആർ 20 ച.മീ |
| 18. | പുറമ്പോക്ക് ഭൂമി,എൽ.പി.എസ്സ്,തെള്ളിയൂർ | 336/5 | 25 ആർ 60 ച.മീ |
| 19. | റ്റി.വി സെന്റർ | 42/7 | 9 ച.മീ |
| 20. | അടിച്ചിനാക്കുഴി | 20/12 | 20.250 ച.മീ |
| 21. | അംബ്ദേക്കർ കോളനി പൊതു സ്ഥലം | 42/11 | 87 ച.മീ |
| 22. | അംബ്ദേക്കർ കോളനി സാംസ്കാരിക നിലയം | 80/12 | 1ആർ 88 ച.മീ |
| 23. | ആയുർവേദ ആശുപത്രി | 25/13 | 1 ആർ 20 ച.മീ |

| | | | |
|---|---|---|---|
| | ,എഴുമറ്റൂർ | | |
| 24. | അങ്കണവാടി ,കാരമല | 174/5 | 2 ആർ 10 ച.മീ |
| 25. | ചിരക്കൽ കുളം | | 15 ആർ 30 ച.മീ |
| 26. | അങ്കണവാടി നമ്പർ 54 മലമ്പാറ | 160/11 | 1 ആർ 21 ച.മീ |
| 27. | അങ്കണവാടി നമ്പർ 40വട്ടരി | 24/23 | 2 ആർ 25 ച.മീ |
| 28. | ഗവ.എൽ .പി.എസ്സ്,തെള്ളിയൂർ | 336/5 | 23 ആർ 3 ച.മീ |
| 29. | ഗവ.എൽ.പി.ജി സ്കൂൾ,തടിയൂർ | 334/6 | 12 ആർ 9 ച.മീ |
| 30. | മൃഗാശുപത്രി | 271/4 | 9 ആർ 70ച.മീ |

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 242 പ്രകാരം സ്ഥലം തഹസീൽദാർ മുഖേന വില്ലേജ് ഓഫീസറോട് പഞ്ചായത്തിന്റെ വസ്തുവകകളുടെ ഉടമസ്ഥത സംബന്ധിച്ച് വിവരങ്ങൾ ആരായാവുന്നതും നിശ്ചിതസമയപരിധിക്കുള്ളിൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർ നിർവഹിക്കേണ്ട കർത്തവ്യങ്ങൾ )ചട്ടം 5 പ്രകാരം അനധികൃത കൈയ്യേറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങളും നൽകാൻ ആവശ്യപ്പെടാവുന്നതാണ്.

റവന്യൂ,രജിസ്ട്രേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ അസ്സൽ പ്രമാണം കൈവശപ്പെടുത്തേണ്ടതും വസ്തു അളന്നതിരിച്ച് അതിർത്തി നിർണ്ണയിച്ച് വേലി കെട്ടി സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്.

## 3-9 പ്രതിമാസ വെള്ളക്കരം 73938/-രൂപ - ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 73938/- രൂപയാണ്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (3/25.09.2018) സെക്രട്ടറി നൽകിയ മറുപടി പ്രകാരം 169 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത് .

പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൊതുടാപ്പുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.എത്ര ടാപ്പുകൾ എതൊക്കെ വാർഡുകളിൽ പ്രവർത്തന ക്ഷമമാണെന്ന് വിലയിരുത്തുന്നതിന് കൃത്യമായ സംവിധാനം ഇല്ല .കുടിവെള്ള വർക്കിംഗ് ഗ്രൂപ്പോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഈ വിഷയത്തിൽ യാതൊരു തീരുമാനങ്ങളും എടുത്തിട്ടുള്ളതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിലുള്ള 169 ടാപ്പുകളിൽ പ്രവർത്തനക്ഷമമായത് മാത്രം നിലനിർത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും കുടിവെള്ള ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-10 മരാമത്ത് പ്രവൃത്തികൾ- രൂപീകരണത്തിലും ആസൂത്രണത്തിലും പിഴവുകൾ

**എ) വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് ചെലവഴിക്കുന്നു.**

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം 115 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 90 എണ്ണവും റോഡ് കോൺക്രീറ്റിംഗ്/റീ ടാറിംഗ് പ്രവൃത്തികളായിരുന്നു. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിനു പകരം വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടോടെ പദ്ധതികൾ ആവിഷ്കരിക്കുന്നു. ലഭ്യമായ ഫണ്ട് വാർഡടിസ്ഥനത്തിൽ വീതം വച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനാൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല.

115 റോഡ് പ്രവൃത്തികളിൽ 5 സ്പിൽ ഓവർ ഉൾപ്പെടെ 74 എണ്ണമാണ് പൂർത്തിയാക്കിയത്. മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 30323782/- രൂപയുടെ 59% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (18124995/-)

റോഡ് റീ ടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ അടങ്കൽ 2 ലക്ഷത്തിനു താഴെയുള്ള 37പ്രവൃത്തികളാണ് ഉണ്ടായിരുന്നത് .

റോഡ് കണക്റ്റിവിറ്റി പ്ളാനും റോഡ് മാപ്പും തയ്യാറാക്കിയിട്ടില്ല.കുറഞ്ഞ അടങ്കൽ തുകയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കിയതു മൂലം ടെണ്ടറുകൾ ഇ ടെണ്ടറിന്റെ പരിധിയിൽ നിന്നും ഒഴിവാകുകയും ചെയ്തു.

പദ്ധതി തയ്യാറാക്കുമ്പോൾ പദ്ധതിപ്പണത്തിന്റെ മൂല്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരമാവധി സൂക്ഷ്മ ബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനെ ഒറ്റ യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികളാണ് ആവിഷ്കരിക്കേണ്ടതെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ് വാർഡടിസ്ഥനത്തിൽ ഫണ്ട് വീതം വച്ച് കുറഞ്ഞ അടങ്കൽ തുകയ്ക്കുള്ള അസംഖ്യം പ്രോജക്ടുകൾ നടപ്പിലാക്കുന്നത് . ആയതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം അവസാനിപ്പിക്കുന്നതിനും അതുവഴി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും ഭരണസമിതിയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

ബി) കണക്റ്റിവിറ്റി പ്ളാൻ തയ്യാറാക്കിയില്ല-റോഡുകളുടെ മുഴുവൻ നീളത്തിനും പ്രോജക്ട് തയ്യാറാക്കുന്നില്ല

പുനരുദ്ധാരണം ആവശ്യമുള്ള മുഴുവൻ റോഡുകളുടെ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയഭാഗങ്ങളാക്കി വിഭജിച്ച് ഒന്നിലധികം പ്രോജക്ട് തയ്യാറാക്കുന്ന പ്രവണത കണ്ടു. വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനാൽ ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം പ്രോജക്ടുകൾ തയ്യാറാക്കേണ്ടി വരുന്നു.ഇതിനാൽ ഒരു റോഡ് പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിന് പ്രോജക്റ്റ് വകുന്നതിന് കഴിയുന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡ് പ്രവൃത്തികളുടെ എസ്ററിമേറ്റ് ചെറിയൊരു പ്രദേശത്തേക്ക് ചുരുക്കി തയ്യാറാക്കുന്നത് ആശാസ്യമല്ല.റോഡ് കണക്ടിവിറ്റി പ്ളാനും മാപ്പും തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം തയ്യാറാക്കി റോഡുകൾ പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്ന രീതിയിലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കണമെന്ന പദ്ധതിനിർവ്വഹണരേഖയിലെ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തികൾ- ഫയൽ സൂക്ഷിപ്പിൽ അപാകതകൾ

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തുന്നതിനായി അംഗീകാരം ലഭിച്ച 125 മരാമത്ത് പദ്ധതികളിൽ 61 സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെ 88 പദ്ധതികളാണ് നടപ്പിലാക്കിയത്. ഫയലുകളുടെ പരിപാലനം, രേഖകളുടെ സൂക്ഷിപ്പ് എന്നിവയിൽ അപാകത കാണുകയുണ്ടായി .

1.പ്രോജക്ട് ഫയലുകൾ മിക്കതിലും എസ്റ്റിമേറ്റ് റിപ്പോർട്ട് ,സൈറ്റ് പ്ളാൻ,സാങ്കേതിക അനുമതി ലഭിച്ചതിന്റെ വിവരം, ബിൽകോപ്പി, എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ, മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എന്നിവ ഉൾപ്പെടുത്തുന്നില്ല.

2.സൈറ്റ് കൈമാറുന്നതായുള്ള കൈപ്പറ്റിൽ തീയതി രേഖപ്പെടുത്തുന്നില്ല. ചില കത്തുകളിൽ കരാറുകാരനോ അസിസ്റ്റന്റ് എൻജിനീയറോ ഒപ്പിട്ടിട്ടില്ല.

3. എം.ബുക്കിൽ കരാറുകാരൻ അളവുകൾ സമ്മതിച്ചതായി സാക്ഷ്യപ്പെടുത്തുന്നില്ല.

4.ടെണ്ടർ രജിസ്റ്റർ,ഇ.എം.ഡി രജിസ്റ്റർ,എഗ്രിമെന്റ് രജിസ്റ്റർ,ഇവ അപൂർണ്ണമാണ്.

അപാകതകൾ പരിഹരിക്കുന്നതിനും ഫയലുകൾ കൃത്യമാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

മെയ്റ്റനൻസ് ഫണ്ടും,വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും പ്രയോജനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിലും ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള റോഡ്,റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനുമുള്ള പദ്ധതികളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടായിരിക്കേണ്ടത്.തെള്ളിയൂർ പി.എച്ച്.സി അറ്റകുറ്റപ്പണി,ചുറ്റുമതിൽ&ഇന്റർലോക്ക്,പിഎച്ച്.സിയ്ക്ക് ഹീമറ്റോ അനലൈസർ വാങ്ങൽ,വിവിധ അങ്കണവാടികളുടെ നവീകരണം,ഗവ.എൽ.പി.എസ്സിന് കമാനം,ആയുർവേദ ആശുപത്രിക്ക് അടിസ്ഥാന സൗകര്യം,ടോയ്ലെറ്റ് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിരുന്നെങ്കിലും നടപ്പാക്കിയില്ല. സാധനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്സ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനു മുന്നോടിയായി ഘടകസ്ഥാപന മേധാവികളുടെ യോഗവും വിളിച്ചു ചേർത്തിട്ടില്ല. മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചുകൊണ്ട് റോഡിതര ആസ്തികൾക്കായി പ്രത്യേക ആസ്തി സംരക്ഷണ പ്ളാൻ തയ്യാറാക്കേണ്ടതാണ്.

## 3-13 പതിന്നാലാം ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി

അടിസ്ഥാന സേവന ഉപ പദ്ധതിയിൻ കീഴിൽ ശുചിത്വം,മാലിന്യ പരിപാലനം, മലിനജല നിർഗ്ഗമനം, ഖരമാലിന്യ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, നടപ്പാതകളുടെ നിർമ്മാണം,തെരുവു വിളക്കുകൾ സ്ഥാപിക്കൽ, കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹികാസ്തികളുടെ പരിപാലനം, സംരക്ഷണം, റോഡ്സംരക്ഷണം, പരിപാലനം എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക വിനിയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്. റോഡ്സംരക്ഷണം, പരിപാലനം എന്നീ പദ്ധതികളിലായി 20 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുളളത്.

തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പിന്റെ 18-09-2017 ലെ 1/672/2017/തസ്വഭവ നം സർക്കുലർ ,10-11-2017 ലെ ഡി.എ.1/859/2017 തസ്വഭവ നം സർക്കുലർ,വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1-11-2017 ലെ 3.6 തീരുമാനം എന്നിവ പ്രകാരം ധനകാര്യകമ്മിഷൻ ഗ്രാന്റുപയോഗിച്ച് പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തുവാൻ പാടില്ലായെന്നും നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട അസിസ്ററന്റ് എൻജീനിയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഇവ അനുവദിക്കാവുന്നതാണെന്നുമാണ് ഉത്തരവായിട്ടുള്ളത്.എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കോൺക്രീറ്റിംഗ് പ്രവൃത്തികളിലൊന്നിലും തന്നെ ബന്ധപ്പെട്ടഎൻജിനിയർ ടി റോഡുകളുടെ പരിപാലനത്തിനും സംരക്ഷണത്തിനും കോൺക്രീറ്റിംഗ്അനിവാര്യമാണെന്ന സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

ധനകാര്യകമ്മിഷൻ ഗ്രാന്റായി ലഭിച്ച 8666443രൂപയിൽ 4482561 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കോൺക്രീറ്റിംഗിനായി ട്ടുള്ള 27 പ്രവൃത്തികളിൽ 20 എണ്ണം പൂർത്തിയായിട്ടുണ്ട്.ധനകാര്യകമ്മിഷൻ ഗ്രാന്റ് തുക ബന്ധപ്പെട്ട അസിസ്ററന്റ്എൻജിനിയറുടെ സാക്ഷ്യപ്പെടുത്തലില്ലാതെ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-14 കറവപ്പശു വളർത്തൽ പദ്ധതി - സബ്സിഡി തുക ക്രെഡിറ്റ് ചെയ്തതായി രേഖയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | കറവപ്പശു വളർത്തൽ പദ്ധതി,189/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ | 1500000/-(വികസനഫണ്ട് -1498000,തനത് ഫണ്ട് 2000) |
| ചെലവ് | 1500000/-(വികസനഫണ്ട് -1498000,തനത് ഫണ്ട് 2000) |

ബാക്ക് എൻഡ് സബ്സിഡി രീതിയിലാണ് പ്രോജക്ട് നടപ്പിലാക്കിയത്. തെള്ളിയൂർ സർവ്വീസ് സഹകരണബാങ്ക്, എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നീ ബാങ്കുകൾ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിക്കുന്ന മുറയ്ക്ക് ബാങ്കുകൾക്ക് തുക അനുവദിയ്ക്കുകയാണ് ചെയ്തത്.ബാങ്കുകൾക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | നൽകിയ തുക | ചെക്ക്/ബിൽ നമ്പർ/തീയതി |
|---|---|---|
| സർവ്വീസ് സഹകരണ ബാങ്ക് ,എഴുമറ്റൂർ | 2000 | ചെക്ക് നമ്പർ 8116675 /23.03. 2018 |
| | 225000 | ബിൽ നമ്പർ2/09.11.2017 |
| | 100000 | ബിൽ നമ്പർ3/09.11.2017 |
| | 300000 | ബിൽ നമ്പർ13/28.02.2018 |
| | 225000 | ബിൽ നമ്പർ16/22.03.2018 |
| | 23000 | ബിൽ നമ്പർ17/24.03.2018 |
| സർവ്വീസ് സഹകരണ ബാങ്ക്,തെള്ളിയൂർ | 250000 | ബിൽ നമ്പർ2/09.11.2017 |
| | 200000 | ബിൽ നമ്പർ3/09.11.2017 |
| | 175000 | ബിൽ നമ്പർ13/28.02.2018 |
| ആകെ | 1500000 | |

ഗ്രാമപ്പഞ്ചായത്തിലെ 60 ഗുണഭോക്താക്കൾക്ക് 25000/-രൂപ വീതം ആകെ 1500000/- രൂപയാണ് സബ്സിഡി തുകയായി ബാങ്കുകളുടെ അക്കൗണ്ടിലേക്ക് നൽകിയത്. ബാങ്കുകൾ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതായി കാണിച്ച് വെറ്ററിനറി സർജന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക ബാങ്കുകൾക്ക് നൽകിയിട്ടുള്ളത്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് നൽകിയ തുകകൾ ബാങ്കുകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവുതുക 1500000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും

വിദ്യാഭ്യാസ മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നില്ല.ഓഡിറ്റ് വർഷം സ്കൂളുകളുമായി ബന്ധപ്പെട്ട് 3 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 2 എണ്ണവും നടപ്പിലാക്കിയില്ല. സ്കൂളുകളെ ഹൈടെക് ആക്കി പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനുള്ള വിഭവങ്ങൾ ലഭ്യമാണെങ്കിലും ആ നിലയ്ക്കുള്ള പരിപാടികളൊന്നും പഞ്ചായത്ത് ഏറ്റെടുക്കുന്നില്ല.

ആരോഗ്യ മേഖലയിൽ പഞ്ചായത്ത് നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ തുക കൈമാറുന്നുണ്ടെങ്കിലും അവ യഥാസമയം ലഭ്യമാക്കുന്നില്ല. ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 3-16 പാലിയേറ്റീവ് കെയർ പദ്ധതി- മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 5/2018 |
| അടങ്കൽ | 512720 |
| ചെലവ് | 493867 |

പാലിയേറ്റീവ് പദ്ധതിയ്ക്കായി ചെലവഴിച്ച 493867/-രൂപയിൽ 100000/- രൂപ മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും(ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 868/23.09.2017)വിവിധ ബില്ലുകൾ പ്രകാരം 62095/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 മാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖാ പ്രകാരം പൊതു വിഭാഗം വികസനഫണ്ടിന്റെ 10 ശതമാനമെങ്കിലും തുക മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളം മിഷൻ മുഖേനയുള്ള പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്തിൽ ഹരിതകർമ്മ സേനാ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി 682600/- രൂപയും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിനായി 700000/-രൂപയും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിനായി 600000/- രൂപയും വകയിരുത്തിയിരുന്നു.(ഇതിൽ 1299600/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള വകയിരുത്തലാണ്.) എന്നാൽ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല.

## 3-18 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

ഓഡിറ്റ് വർഷം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 12 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, പട്ടിക ജാതി വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളാണ് ഈ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നത്. ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ ഭാഗമായുള്ള ആശ്രയ പദ്ധതി സ്തംഭനാവസ്ഥയിലാണ്. സമൂഹത്തിലെ നിരാലംബരായ അഗതികളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള ആശ്രയ പദ്ധതിയുടെ നിർവ്വഹണത്തിൽ തികഞ്ഞ അലംഭാവമാണ് ഉണ്ടായിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന് ലഭിച്ച 1583245/- രൂപ നിഷ്ക്രിയമായി അക്കൗണ്ടിൽ അവശേഷിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ പട്ടികവർഗ്ഗം, ഭിന്നശേഷിയുള്ളവർ,കുട്ടികൾ,യുവജനങ്ങൾ എന്നിവർക്കുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമല്ല. ബാലസഭ, നിർഭയാ ജാഗ്രതാ സമിതി എന്നിവയുടെ നടത്തിപ്പിന് പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പായില്ല. ടി.എസ്സ്.പി പദ്ധതിയ്ക്കായി 101959/- രൂപ അനുവദിച്ചെങ്കിലും 30470/-രൂപ മാത്രമാണ്(30%)ചെലവഴിച്ചത്. പട്ടികജാതി പ്രോജക്ടുകളുടെ നിർവ്വഹണം ഫണ്ട് വിനിയോഗം എന്നിവ മോണിട്ടർ ചെയ്യുന്നതിന് നിരീക്ഷണ സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പാലിക്കാത്തത് ഫണ്ട് വിനിയോഗത്തിലുണ്ടായ വീഴ്ചയ്ക്ക് കാരണമായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.ഈ വിഷയങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-19 ആശ്രയ പദ്ധതി -ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല

2008-11 വർഷത്തേക്ക് ആവിഷ്കരിച്ച ഒന്നാം ഘട്ട ആശ്രയ പദ്ധതി 2011 മുതലാണ് നടപ്പാക്കി തുടങ്ങിയത്. 118 ഗുണഭോക്താക്കൾക്കായി 2351000/-രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയിൽ ചലഞ്ച് ഫണ്ട് 712000/- രൂപയും വികസനഫണ്ട് 61000/-രൂപയുമാണ് വക കൊള്ളിച്ചിരുന്നത്. ഭക്ഷണത്തിനായി 60300/- രൂപയും പഠന സഹായമായി 15000/-രൂപയും വീട് പുനരുദ്ധാരണത്തിന് 90000/-രൂപയും മാത്രമാണ് ഒന്നാം ഘട്ടത്തിൽ ചെലവ് നടത്തിയിട്ടുള്ളത്. 2014-17 വരെയുള്ള കാലഘട്ടത്തിലേക്ക് തയ്യാറാക്കിയ രണ്ടാംഘട്ട പദ്ധതിയുടെ ധനകാര്യ വിശകലനം താഴെപ്പറയും പ്രകാരമായിരുന്നു.

| ക്രമ നമ്പർ | ഇനം | ഗുണഭോക്താക്കൾ | നിരക്ക് | കാലയളവ് (വർഷം) | ചലഞ്ച് ഫണ്ട് | വികസന ഫണ്ട് | ആകെ |
|---|---|---|---|---|---|---|---|
| 1. | ഭക്ഷണം | 79 | | 3 വർഷം | 1178400 | | 1178400 |
| 2. | ചികിത്സ | 25 | @ 1000 | 3 വർഷം | 25000 | | 25000 |
| 3. | പഠനം | 12 | @ 6000 | 3 വർഷം | 72000 | | 72000 |
| 4. | വസ്തു വാങ്ങൽ | 6 | @ 150000 | 3 വർഷം | | 900000 | 900000 |
| 5. | വീട് പുനരുദ്ധാരണം | 10 | @ 25000 | 3 വർഷം | | 250000 | 250000 |
| 6. | ഭവന നിർമ്മാണം | 10 | @ 200000 | 3 വർഷം | | 2000000 | 2000000 |
| 7. | പ്രോജക്ട് തയ്യാറാക്കൽ | | | 3 വർഷം | 15000 | | 15000 |
| 8. | മോണിട്ടറിംഗ് | | | 3 വർഷം | 15000 | | 15000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9. | റിസർവ് ഫണ്ട് | | | 3 വർഷം | 13053 | | 13053 |
| 10. | ആകെ | | | | 1318453 | 3150000 | 4468453 |

ഓഡിറ്റ് കാലയളവ് വരെ വികസനഫണ്ടിൽ നിന്നും 1600000 /-രൂപ നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ടിനായി 2014-15 വർഷം 456151/-രൂപയും 2015-16, 2016-17 വർഷങ്ങളിൽ 431151/- രൂപയായിരുന്നു വകയിരുത്തിയിരുന്നത്. രണ്ടാം ഘട്ടത്തിൽ ചലഞ്ച് ഫണ്ടിനത്തിൽ ആശ്രയ അക്കൗണ്ടിലേക്ക് തുകയൊന്നും കൈമാറിയിട്ടില്ല. ചെക്ക് നമ്പർ 1511192 /20.06.2016 പ്രകാരം 439484 രൂപ ചലഞ്ച് ഫണ്ട് ലഭിച്ചത് പഞ്ചായത്ത് ഫണ്ടിൽ നിന്നും നാളിതുവരെ കൈമാറി നൽകിയിട്ടില്ല. പലിശയിനത്തിൽ ആശ്രയ അക്കൗണ്ടിന് ലഭിക്കുമായിരുന്ന തുകയും അതിനാൽ നഷ്ടമായി.രണ്ടാം ഘട്ട ആശ്രയ പദ്ധതിയുടെ ഓഡിറ്റ് കാലയളവ് വരെയുള്ള ചെലവ് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഭക്ഷണ വിതരണം | 247696 |
| പഠന സഹായം | 62200 |
| വസ്ത്ര വാങ്ങൽ | 300000 |
| വീട് പുനരുദ്ധാരണം | 100000 |
| വീട് നിർമ്മാണം | 520000 |
| ആകെ | 1229896 |
| പരസ്യ ചാർജ് | 4480 |
| രജിസ്ട്രേഷൻ ഫീസ് | 22000 |
| ആകെ | 1256376 |

വകയിരുത്തിയ ഫണ്ടുകൾ ലഭിച്ചിട്ടില്ലാത്തതും ഗുണഭോക്താക്കൾക്ക് യഥാസമയം പ്രോജക്ടിന്റെ ആനുകൂല്യം നൽകുന്നതിനുള്ള ശ്രമങ്ങൾനടത്തിയിട്ടില്ലാത്തതുമൂലം ആശ്രയ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല.

ആശ്രയപദ്ധതി നടത്തിപ്പിലെ അലംഭാവം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണ സമിതി.സി.ഡി.എസ്സ് അധികൃതർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-20 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എ)രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

1.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ആനുകൂല്യങ്ങളും (3/18) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകളിൽ ഗുണഭോക്താക്കളുടെ അപേക്ഷകളൊന്നും തന്നെ സൂക്ഷിച്ചിട്ടില്ല.

2.അംഗൻവാടി പ്രവർത്തകർക്ക് വേതനം (108/18) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് അംഗൻവാടിയിലെ വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഹാജർ വിവരങ്ങളോ ഓരോ പ്രവർത്തകർക്കും എത്ര തുക നൽകിയെന്നതുമായി ബന്ധപ്പെട്ട് രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല.

പദ്ധതി പ്രകാരം ചെലവഴിക്കുന്ന തുകയുടെ രേഖകൾ സൂക്ഷിക്കുന്ന കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ബി)ക്യാഷ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | 2/18<br>അംഗൻവാടി അനുപൂരകപോഷകാഹാര പരിപാടി |
| അടങ്കൽ | 844306(വികസനഫണ്ട്)+500000(കേന്ദ്രാവിഷ്കൃതഫണ്ട്)+100000(ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | 833508(വികസനഫണ്ട്)+450350(കേന്ദ്രാവിഷ്കൃതഫണ്ട്)+100000(ജില്ലാപഞ്ചായത്ത്) |

ചെലവുരേഖപ്രകാരം കേന്ദ്രാവിഷ്കൃതഫണ്ടിന്റെ ചെലവ് 450350 രൂപയാണ്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയിരുന്ന ക്യാഷ് ബുക്ക് പ്രകാരം 303487 രൂപയുടെ ചെലവുമാത്രമാണ് ഉണ്ടായിരുന്നത്. പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയിരിക്കുന്ന രേഖകളിൽ നിന്ന് 18.07.2017 തീയതിയിൽ 2195162 നം. ചെക്ക് പ്രകാരം 146863 രൂപ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് നൽകിയിട്ടുണ്ട് എന്ന് വ്യക്തമായി. ടി തുക ക്യാഷ് ബുക്കിൽ വരവുവയ്ക്കുകയോ തുകയുടെ ചെലവിനെ സംബന്ധിച്ച രേഖകൾ ഹാജരാക്കുകയോ ചെയ്തിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ ടി തുക ക്യാഷ് ബുക്കിൽ വരവുവയ്ക്കുകയും തുകയുടെ ചെലവിനെ

സംബന്ധിച്ച രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

## 3-21 രേഖകൾ ഹാജരാക്കിയില്ല- ചെലവുതുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം./ പേര് | 2/18 അംഗൻവാടി അനുപൂരകപോഷകാഹാര പരിപാടി |
| അടങ്കൽ | 844306(വികസനഫണ്ട്)+500000(കേന്ദ്രാവിഷ്കൃതഫണ്ട്)+100000(ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | 833508(വികസനഫണ്ട്)+450350(കേന്ദ്രാവിഷ്കൃതഫണ്ട്)+100000(ജില്ലാപഞ്ചായത്ത് വിഹിതം) |

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി അനുപൂരകപോഷകാഹാര പരിപാടി(2/18) എന്ന പദ്ധതിയിലുൾപ്പെടുത്തി വിവിധ അംഗൻവാടികളിലെ വർക്കർമാർക്ക് ഗ്യാസ്,പച്ചക്കറികൾ എന്നിവ വാങ്ങിയതിന്റെ ചെലവിലേക്കായി വികസനഫണ്ടിൽ നിന്നും 24.03.2018 ലെ 1705085201430128175 ബിൽ പ്രകാരം 29842 രൂപയും കേന്ദ്രാവിഷ്കൃതഫണ്ടിൽ നിന്നും 48597 രൂപയും (ചെക്ക് നം.9322303/20.01.2018) ഉൾപ്പെടെ 78439 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ ചെലവിനെ സാധൂകരിക്കുന്ന രേഖകളോ രജിസ്റ്ററോ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവുതുകയായ 78439 രൂപ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-22 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 21 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 10 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 21 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 10 |
| വൈദ്യുതീകരണം നടത്തിയിട്ടും കണക്ഷൻ ലഭിക്കാത്തവ | 3 |
| ചുറ്റുമതിൽ ഉള്ളവ | 6 |

ഗ്രാമപഞ്ചായത്തിൽ 21 അംഗനവാടികൾ ആണുള്ളത്.ഇവയിൽ 11 എണ്ണം സ്വന്തം കെട്ടിടത്തിലും 10 എണ്ണം വാടക്കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. അംഗനവാടികൾക്കൊന്നിനും സ്വന്തമായി കിണർ ഇല്ല. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 11 അംഗനവാടികളിൽ 4 എണ്ണത്തിന് മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്. 49,52,54 എന്നീ നമ്പറുകളിൽ ഉള്ള അംഗനവാടികളിൽ വൈദ്യുതീകരണം നടത്തിയിട്ടും നാളിതുവരെ കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ഇവയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന 132 -ാം നമ്പർ അംഗൻവാടിയ്ക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും ഇവിടെ കെട്ടിടം പണിതിട്ടില്ല.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. 13--ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. [സ.ഉ(എം.എസ്) നമ്പർ 72/2017 ത.സ്വ.ഭ.വ, തീയതി.29.03.2017, ഖ-12.13.2. 2017-18 സാമ്പത്തികവർഷത്തിൽ വിവിധ അംഗനവാടികൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ (110/18) എന്ന പദ്ധതിയ്ക്കായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 208000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 3-23 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗനവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010-ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ 2 മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് ഫുഡ്, ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടിന്റേയും സാമ്പിൾ ശേഖരിച്ച്

പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 13-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ 12.13.2.3പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-24 കുട്ടികൾക്കും ഭിന്നശേഷിയുള്ളവർക്കുമായുള്ള പദ്ധതികൾ -മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ഓഡിറ്റ് വർഷം കുട്ടികൾക്കായുള്ള പ്രോജക്ടുകൾ(നിർബന്ധിത വകയിരുത്തൽ) അങ്കണവാടി അനുപൂരകപോഷകാഹാര പരിപാടി, സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മഴവെള്ള സംഭരണി പുനരുദ്ധാരണവും നിർമ്മാണം എന്നിവയായിരുന്നു. മാർഗ്ഗരേഖാ നിർദ്ദേശം അനുസരിച്ച് കുട്ടികളുടെ കലാകായിക-മാനസിക-സാംസ്കാരിക പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ബാലസഭ, ബാലപഞ്ചായത്ത് എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, എല്ലാ സർക്കാർ സ്കൂളുകളിലേയും പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും എണ്ണത്തിന് ആനുപാതികമായി ഓരോ വിഭാഗത്തിനും പ്രത്യേകം മൂത്രപ്പുര,കക്കൂസ് തുടങ്ങിയവയും ആവശ്യാനുസരണം വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ കായിക പരിശീലനങ്ങൾ,യോഗാ പരിശീലനങ്ങൾ തുടങ്ങിയവയ്ക്കായിട്ടാണ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടിയിരുന്നത്. അങ്കണവാടി പോഷകാഹാര വിഹിതം, എസ്സ്.എസ്സ്.എ,ആർ.എം.എസ്സ്.എ തുടങ്ങിയവ പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്താൻ പാടില്ല.കുട്ടികൾക്കായുള്ള പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തിയ രണ്ട് പ്രോജക്ടുകളിൽ അനുപൂരക പോഷകാഹാര പരിപാടി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

ഭിന്നശേഷിയുള്ളവർക്കായുള്ള പ്രത്യേക ഘടക പദ്ധതിയിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും എന്ന പ്രോജക്ടാണ് നടപ്പിലാക്കിയത്. മാർഗ്ഗരേഖാ നിർദ്ദേശം ലംഘിച്ചാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത്. പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖാ ഉത്തരവ് നമ്പർ ജി.ഒ.എം. എസ്സ്.72/17/ത.സ്വ.ഭ.വ തീയതി 29.03.2017 പ്രകാരം ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗ വിഭാഗക്കാർ എന്നിവർക്കായുള്ള ക്ഷേമ പരിപാടികൾ,പുനരധിവാസ വികസന പരിപാടികൾ, ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ തുടങ്ങിയ പ്രോജക്ടുകളായിരുന്നു ഏറ്റെടുക്കേണ്ടിയിരുന്നത്. ഇപ്രകാരം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കുട്ടികൾക്കും ഭിന്നശേഷിയുള്ളവർക്കുമുള്ള പ്രോജക്ടുകൾ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളത്. മാർഗ്ഗരേഖാ നിർദ്ദേശ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-25 ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല

ഓരോ പഞ്ചായത്തും ആ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുകയെന്നതാണ് ജാഗ്രതാസമിതിയുടെ ലക്ഷ്യം. എന്നാൽ പഞ്ചായത്തിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പ്രോജക്ട് രൂപീകരിച്ചുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. 2017-18 സാമ്പത്തികവർഷത്തിൽ നിർഭയ ജാഗ്രതാസമിതി പ്രവർത്തനങ്ങൾ(200/18) എന്ന പദ്ധതിയ്ക്കായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 8000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2015-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് പ്രകാരം 35(1)(s)-ൽ ഓരോ ജനപ്രതിനിധിയും താൻ അംഗമായ ജാഗ്രതാസമിതിയുടെ പ്രതിമാസയോഗം വിളിച്ചു കൂട്ടുന്നതിൽ 3 തവണ വീഴ്ചവരുത്തിയാൽ അയോഗ്യനാകും. ജാഗ്രതാസമിതിയുടെ പ്രാധാന്യം ഇതിൽ നിന്നുതന്നെ വ്യക്തമാണ്. എന്നാൽ പഞ്ചായത്തിൽ 2017-18 കാലയളവിൽ ജാഗ്രതാസമിതി ഒരു പ്രാവശ്യം പോലും യോഗം ചേർന്നിട്ടില്ല. പഞ്ചായത്തിരാജ്/നഗരപാലികാസ്ഥാപനങ്ങൾക്കുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ ഖണ്ഡിക-12.2(8)-ൽ. ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് M.S.W.യോഗ്യതയുള്ള ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ അതാത് തദ്ദേശസ്ഥാപനങ്ങൾക്ക് നിയമിക്കാവുന്നതും വേതനം നൽകാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് ഈ ഒരു സാധ്യത പ്രയോജനപ്പെടുത്തി ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഭരണസമിതിയുടേയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പ്രത്യേക ശ്രദ്ധയും മോണിട്ടറിംഗും ആവശ്യമാണ്.

## 3-26 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങി

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായ പദ്ധതികളിൽ ലാപ്പ്ടോപ്പുകൾ, ഡെസ്ക്ടോപ്പുകൾ എന്നിവ ടെണ്ടർ കൂടാതെ കേരള സ്റ്റേറ്റ്ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, കോടിമത കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച | നിർവ്വഹണ | വാങ്ങിയ |
|---|---|---|---|---|

| നമ്പർ | | തുക | ഉദ്യോഗസ്ഥൻ | ഉപകരണങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം | 236800 | അസിസ്റ്റന്റ് സെക്രട്ടറി | ലാപ്പ്ടോപ്പ് -8 എണ്ണം(acer) |
| 2. | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ലാപ്പ്ടോപ്പും ഡെസ്ക് ടോപ്പും | 388000 | സെക്രട്ടറി | ലാപ്പ് ടോപ്പ് -3(acer)<br>പ്രിന്റർ - 3(brother)<br>ഡസ്ക് ടോപ്പ്- 2(acer) |

വെബ്സൈറ്റ് പരിശോധിച്ചതിൽ സ്ഥാപനം സ്വന്തമായി ലാപ്പ്ടോപ്പ്, ഡെസ്ക്ടോപ്പ് ഇവ ഉത്പാദിപ്പിക്കുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. സ്ഥാപനങ്ങളുടെ ഉത്പാദന യൂണിറ്റുകളിൽ നിർമ്മിക്കാത്ത ഉപകരണങ്ങൾ ഒന്നും തന്നെ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങരുതെന്നും വാങ്ങിയാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയാകുമെന്നും 4/9/2002 ലെ 2117/02/SPD സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. .

ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായിരിക്കണമെന്ന് 2/12/2016ലെ ജി.ഒ(ആർ.ടി)3299/2016 /തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങണം. ആയതിനാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം തുടർ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിയേറ്റീവ് പരിചരണം,05/2018 | 95880 | 4120 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,3/18 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 250000 | ഇരുമ്പുകുഴി -അമ്പലപ്പടി കാടമല റോഡ് കോൺക്രീറ്റിംഗ് ,49/18 | 180138 | 69862 |
| ബ്ലോക്ക് പഞ്ചായത്ത് | 250000 | വൃന്ദാവൻ പടി ബാലാർക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ്,50/18 | 0 | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | ചുഴന കോളനി കുടിവെള്ളപദ്ധതി ,192/18 | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | പാലിയേറ്റീവ് പരിചരണം,05/2018 | 86375 | 13625 |
| ജില്ലാ പഞ്ചായത്ത് | 100000 | അങ്കണവാടി അനുപൂരക പോഷകാഹാരം ,2/18 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 130000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,3/18 | 126000 | 4000 |
| ജില്ലാ പഞ്ചായത്ത് | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 191/18 | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ചെലവഴിച്ച | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | തുക | |
| കെ.എസ്.ഇ.ബി. | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 127200 | 127200 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| വാട്ടർ അതോറിറ്റി | ചുഴന ലക്ഷം വീട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 2550000 | 2550000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| കെ.എസ്.ഇ.ബി | വാളക്കുഴി പറങ്കാമൂട്ടിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ,100/18 | 100000 | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| കെ.എസ്.ഇ.ബി | വാർഡ് 14 ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ,102/18 | 132000 | 132000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| കെ.എസ്.ഇ.ബി | വാർഡ് 6 ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ,215/18 | 99960 | 99960 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2017-18 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | | ഇല്ല | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥാര നിക്ഷേപം |
|---|---|---|---|---|
| | ഇല്ല | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 2406 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രസീത് നമ്പരും |
|---|---|---|---|---|

| വർഷം | | തുക | ഉദ്യോഗപ്പേരും | തീയതിയും |
|---|---|---|---|---|
| 2002-03 | 2-3 | 73<br>229 | 1.വനജകുമാരി<br>2.ഉഷാകുമാരി | 117020101938 dtd 23.09.2017<br>117020101962 dtd 26.09.2017 |
| 1998/99 | ഖ. 1 | 3 | ഉഷാകുമാരി | 117020102006dtd 03.10.2017 |
| 2015-16 | ഖ.3-18 | 1995 | 3.ഷോളി ഫിലിപ്പ് | 117020103994 dtd 10.01.2018 |
| | | 26 | 4.അനിത.എൻ,ഐസിഡിഎസ്സ് സൂപ്പർവൈസർ | 117020101937dtd 23.09.2017 |
| 2002-03 | ഖ.2-5 | 80 | 5.ശ്രീദേവി<br>6. വത്സല | 117020101963 dtd 26.09.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014-15<br>ഖ.2-1,2-2 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2015-16<br>ഖ.2-1,2-2 | 2016-17 | അനുബന്ധം 5 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പ്രകാരം ഗ്രാമപ്പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം | അവസാനമായി ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചതിന്റെ വിവരം | ഓഡിറ്റ് വർഷം |
|---|---|---|---|---|
| 1 | പി.എച്ച്.സി ,തെള്ളിയൂർ | 2007-08 | പി3/603/2016 തീയതി 02.06.2016 | 2011-12 മുതൽ 2014-15 വരെ |
| 2 | ഗവ.ആയുർവേദ ആശുപത്രി,എഴുമറ്റൂർ | 2015-16 | പി3/349/2018 തീയതി 25.03.2018 | 2015-16 മുതൽ 2016-17 വരെ |
| 3 | ഗവ ഹോമിയോ ആശുപത്രി, എഴുമറ്റൂർ | - | വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58118943 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53608400 |
| വരവിനങ്ങളിലുള്ള നഷ്ടം | 3834 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 107384 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1548450 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-3 | 3834 | | എസ്സ്.രാജഗോപാൽ,സെക്രട്ടറി |
| 3-2 | | 80252 | ജോൺസി ജോർജ്,അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 27132 | ജോൺസി ജോർജ്,അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | | 107384 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6(3) | 48450 | എസ്സ്.രാജഗോപാൽ,സെക്രട്ടറി |
| 3-14 | 1500000 | വിനി ആൻ വർഗ്ഗീസ് ,വെറ്ററിനറി സർജൻ |
| ആകെ | 1548450 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3256 | ജോൺസി ജോർജ്,അസിസ്റ്റന്റ് എൻജിനീയർ |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്സ്.രാജഗോപാൽ<br>സെക്രട്ടറി | വിരമിച്ചു | മരുതൂർ<br>നെടുമണ്ണി.പി.ഒ<br>കോട്ടയം |
| വിനി ആൻ വർഗ്ഗീസ്<br>വെറ്ററിനറി സർജൻ | | കളത്തുങ്കൽ വീട്<br>കടപ്ര.പി.ഒ<br>കുമ്പനാട്<br>പത്തനംതിട്ട |
| ജോൺസി ജോർജ്<br>അസിസ്റ്റന്റ് | അസിസ്റ്റന്റ് എൻജിനീയർ<br>എഴുമറ്റൂർ | കൊയ്പ്പള്ളി<br>തറയിൽ |

| | | |
|---|---|---|
| എൻജിനീയർ | | ഇരമത്തൂർ.പി.ഒ<br>മാന്നാർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ടും പുറപ്പെടുവിച്ച തീയതി / ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 (വരവ്) | എൽ.എഫ്.പി.റ്റിഎ.പി5-669/11 തീയതി 12.12.2011 | 1 |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റിഎ.പി5-673/11 തീയതി 12.12.2011 | 1 |
| 2001-02 ജനകീയാസൂത്രണം | എൽ.എഫ്.പി.റ്റിഎ.പി8-178/04 തീയതി<br>2.11.04 / 14.01.05 | 9 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റിഎ.പി8-462/07 തീയതി<br>12.12.11 / 21.07.12 | 19 |
| 2003-04 | എൽ.എഫ്.പി.റ്റിഎ.പി3-389/05 തീയതി<br>05.05.2006 | 14 |
| 2004-05 | എൽ.എഫ്.പി.റ്റിഎ.പി5-676/11 തീയതി<br>19.12.11 / 27.07.12 | 14 |
| 2005-06 | എൽ.എഫ്.പി.റ്റിഎ.പി5-677/11 തീയതി<br>12.12.11 / 28.07.12 | 28 |
| 2006-07 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റിഎ.പി8-975/12 തീയതി<br>23.03.13 / 03.06.2014 | 11 |
| 2011-12 മുതൽ<br>2012-13 | എൽ.എഫ്.പി.റ്റിഎ.പി8-538/14 തീയതി<br>26.08.14 / 17.03.2015 | 3 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി8-601/16 തീയതി<br>01.06.2016 | 3 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി8-1359/16 തീയതി<br>24.12.2016 | 21 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി8-1131/17 തീയതി<br>04.10.2017 | 16 |

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി8/ 1379 /2018 തീയ്യതി: 24.10.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## Annexure-1

## AUDIT CERTIFICATE

No.K.S.A.PTA.P8/1379/2018 Dated: 24.10.2018

Certified that I have examined the Annual Financial Statement of Ezhumattoor Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ezhumattoor Grama Panchayat for the year 2017-18 except the observations in my report properly presents the picture of income and expenditure.

HABEEB MUHAMMED

Deputy Director

Kerala State Audit Department

Pathanamthitta